**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 121** 30.09.2011 — ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് നവജീവൻ നൽകാനുതകുന്ന പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവൽക്കരണ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന, ഭക്ഷ്യ സുരക്ഷാമിഷൻ, മാക്രോ മാനേജ്മെന്റ് തുടങ്ങിയ പദ്ധതികൾക്കു കീഴിൽ പാടശേഖര സമിതികൾക്കും വ്യക്തികൾക്കും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം ത്വരിതപ്പെടുത്താനും ഉല്പാദനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>(1) **ചെറുകിട യന്ത്രവൽക്കരണവും അഗ്രികൾച്ചർ എഞ്ചിനീയറിംഗ് സേവനങ്ങളും:** ഈ പദ്ധതിക്കു കീഴിൽ ട്രാക്ടറുകൾ, മിനി ട്രാക്ടർ, ഗാർഡൻ ടില്ലർ, വീഡ് കട്ടർ, കുഴിയെടുക്കുന്ന യന്ത്രം, നടീൽ യന്ത്രം, വയ്ക്കോൽ കെട്ടുന്ന യന്ത്രം തുടങ്ങിയവ മിതമായ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>(2) **ജില്ലയിലെ കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴി** കൊയ്ത്തു-മെതി യന്ത്രങ്ങൾ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ കർഷകരുടെ ആവശ്യാനുസരണം വാടകയ്ക്ക് നൽകുന്നുണ്ട്. |

(3) **ഭക്ഷ്യസുരക്ഷാ പദ്ധതി-യന്ത്രവൽക്കരണം**

ഈ പദ്ധതിയുടെ ഭാഗമായി ആവശ്യമുള്ള യന്ത്രങ്ങൾ സംഭരിച്ചിട്ടുണ്ട്. യുവാക്കൾക്കും, കർഷക തൊഴിലാളികൾക്കും യന്ത്രങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും പ്രായോഗിക പരിശീലനം നൽകുന്നതിന് എല്ലാ ജില്ലയിലും കാർഷിക എഞ്ചിനീയറിംഗ് ഓഫീസിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. 20 ദിവസത്തെ ആദ്യഘട്ട പരിശീലനവും 15 ദിവസത്തെ രണ്ടാം ഘട്ട പരിശീലനവും പൂർത്തിയാക്കിയവർക്ക് ട്രാക്ടർ ഡ്രൈവിംഗ് ലൈസൻസ് എടുത്തു കൊടുക്കുകയും 5 പേർ ചേർന്ന സേവന ദായക സംഘങ്ങളായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിലും പഞ്ചായത്തുകളിലും ഉള്ള യന്ത്ര സാമഗ്രികൾ ഈ സേവന ദായക സംഘങ്ങളെ ഉപയോഗപ്പെടുത്തിയാണ് പ്രവർത്തിപ്പിക്കുന്നത്. ഈ സംഘങ്ങൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾ (ടൂൾസ്) ഇതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.

(4) **ഡവലപ്മെന്റ് ഓഫ് ഇന്നവേറ്റീവ് ഫാം മെക്കനൈസേഷൻ (ഡി.ഐ.എഫ്.എം)** എന്ന പദ്ധതിക്കുകീഴിൽ വെള്ളായണി ആർ.റ്റി.റ്റി സെന്ററിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കാർഷിക യന്ത്രവൽക്കരണത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

(5) **കുട്ടനാട് പാക്കേജിന് കീഴിൽ കാർഷിക യന്ത്രങ്ങൾ സംഭരിക്കുകയും യന്ത്രങ്ങളിൽ തുടർപരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.**

തിരുവനന്തപുരത്ത് കെയ്കോ പുതുതായി ആരംഭിച്ച അഗ്രോ സൂപ്പർ ബസാറിൽ എല്ലാ കാർഷിക യന്ത്രങ്ങളും കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്ക് ആവശ്യമായതെല്ലാം ഒരു കുടക്കീഴിൽ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച 'അഗ്രോ സൂപ്പർ ബസാർ' ഇന്ത്യയിൽത്തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. അഗ്രോ ബസാർ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കെയ്കോ കൊട്ടാരക്കരയിലും, തിരുവല്ലയിലും, അത്താണിയിലും മിനി അഗ്രോ ബസാർ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലേയ്ക്ക് അഗ്രോ ബസാർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും, കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതീയുവാക്കൾക്ക് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യയിലും, കാർഷിക യന്ത്രങ്ങളിലും ആവശ്യമായ പരിശീലനം നൽകി അവരുടെ സേവനം ഉപയോഗിച്ച് കൃഷിരീതി കൂടുതൽ ലളിതവും ലാഭകരവുമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി 'മെക്കനൈസ്ഡ് ലേബർ ബാങ്ക്' (അഗ്രോ തൊഴിൽ സേന) എന്ന പദ്ധതി കെയ്കോ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കണ്ണൂർ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഒരോ യൂണിറ്റിലും 20 മുതൽ 30 വരെ ആൾക്കാർക്ക് ട്രാക്ടർ, പവർ ടില്ലർ, ഗാർഡൻ ട്രില്ലർ, ബുഷ് കട്ടർ, തെങ്ങു കയറ്റ യന്ത്രം, പമ്പ് സെറ്റ്, ലോൺ മൂവർ, സ്പ്രേയർ തുടങ്ങിയ യന്ത്രങ്ങളിൽ പരിശീലനം നൽകി വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഇവയുടെ സേവനം കർഷകർക്ക് ആവശ്യാനുസരണം മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തെ കൃഷി ഭൂമികളുടെ വിസ്തൃതിയും, കാർഷികവിളകളും മറ്റു സംസ്ഥാനങ്ങളുടേതിന് സമാനമല്ലാത്തതിനാൽ അവിടങ്ങളിൽ ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികൾ നമുക്ക് അനുയോജ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിഭൂമിയുടെ വിസ്തൃതിയിലും കാർഷിക വിളകളുടെ കാര്യത്തിലും കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. എന്നാൽ കേരളത്തിലെ സാഹചര്യങ്ങളിൽ അനുയോജ്യമെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള യന്ത്രങ്ങളാണ് വിവിധ പദ്ധതികൾക്ക് കീഴിൽ ലഭ്യമാക്കിയിട്ടുള്ളത്. പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് യന്ത്രങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കാർഷിക സർവ്വകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

കേരളത്തിലെ കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ച് വലിയ യന്ത്രങ്ങൾ സ്വന്തമായി വാങ്ങുവാൻ കർഷകർക്ക് സാധിക്കാത്തതിനാൽ കെയ്കോ കൊയ്ത്തുമെതി യന്ത്രങ്ങൾ (കമ്പയിൻ ഹാർവെസ്റ്റർ) പോലുള്ള വലിയ യന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി രൂപപ്പെടുന്ന ചെറുയന്ത്രങ്ങൾക്ക് കെയ്കോ യുടെ 14 ജില്ലാ ഓഫീസുകൾ വഴി വില്പനയും പ്രവർത്തന പരിശീലനവും, വില്പനാനന്തര സേവനവും നൽകി വരുന്നു.

| | | |
|---|---|---|
| (ഡി) ലഘുവായതും കൈകാര്യം ചെയ്യാൻ എളുപ്പമായവയുമാണ് സംസ്ഥാന കാർഷികമേഖലയ്ക്ക് അനുയോജ്യമായതെന്നതു കൊണ്ട് അത്തരം യന്ത്രങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ലഘുവായതും, എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതുമായ യന്ത്രങ്ങളാണ് ചെറിയ പാടശേഖരങ്ങൾക്കും കരഭൂമിയിലും ശുപാർശ ചെയ്തിട്ടുള്ളത്. കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിലെ പരിശീലന പരിപാടികളിൽ ഇവയുൾപ്പെടുത്തുകയും സ്ത്രീകൾ ഉൾപ്പെടെ ഇവയിൽ പരിശീലനം നേടുകയും ചെയ്തിട്ടുണ്ട്. കാംകോ ഇപ്പോൾ പുറത്തിറക്കിയിട്ടുള്ള 5.5 കുതിര ശക്തിയുള്ള ചെറിയ ടില്ലർ ഏകദേശം 60 കിലോ മാത്രം തൂക്കമുള്ളതും അനായാസേന കൈകാര്യം ചെയ്യാൻ സാധിക്കുന്നതുമാണ്. ഇത് പാടത്ത് എന്നപോലെ ചെറിയ വിസ്തൃതിയിലുള്ള മറ്റു സ്ഥലങ്ങളിലും ഉപയോഗിക്കാവുന്നതാണ്. കൂടാതെ കാംകോ സജ്ജമാക്കിയിട്ടുള്ള പുതിയ നിർമ്മാണശാലയിൽ നിന്ന് 18 കുതിര ശക്തിയുള്ള ട്രാക്ടർ അടുത്തുതന്നെ ഉൽപ്പാദനം ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ഈ യന്ത്രവും ചെറിയ കൃഷിയിടങ്ങളെ ഉദ്ദേശിച്ച് രൂപകല്പന ചെയ്തിട്ടുള്ളതാണ്. |
| (ഇ) കാംകോ ഉത്പാദിപ്പിക്കുന്ന പരിമിതമായ ലഘുയന്ത്രങ്ങൾ പ്രവർത്തിപ്പിക്കേണ്ടത് പെട്രോളിലായതിനാൽ പ്രവർത്തനച്ചെലവ് കൂടുമെന്ന ന്യൂനത പരിഹരിക്കാൻ മണ്ണെണ്ണ യിൽ പ്രവർത്തിക്കുന്നവ വികസിപ്പിക്കുകയോ, ഈ ആവശ്യത്തിന് പെട്രോളിന് സബ്സിഡി നല്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | കാംകോ നിർമ്മിക്കുന്ന ചെറിയ കൊയ്ത്തു യന്ത്രം മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണ്. എന്നാൽ മണ്ണെണ്ണയുടെ ലഭ്യതയിൽ ദൗർലഭ്യം പലപ്പോഴും അനുഭവപ്പെടുന്നതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പെട്രോൾ എഞ്ചിൻ ഘടിപ്പിച്ചായാലും കൊയ്ത്തു യന്ത്രം വിപണിയിലിറക്കിയാൽ മതി എന്നുള്ള ആവശ്യം ഉള്ളതുകൊണ്ട് ഇപ്പോൾ രണ്ടുതരം എഞ്ചിനുകളും ഇതിന് ഉപയോഗിക്കുന്നുണ്ട്.<br><br>കാംകോ ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന ചെറിയ പവർ ടില്ലറിൽ മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിൻ പരീക്ഷണാടിസ്ഥാന ത്തിൽ നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇത് വിജയകരമായി പൂർത്തിയാക്കിയാൽ കേന്ദ്ര കൃഷി മന്ത്രാലയ ത്തിന്റെ ടെസ്റ്റിംഗ് സ്റ്റേഷനിൽ പ്രവർത്തിപ്പിച്ച് അനുമതി നേടിയ ശേഷം വിപണിയിൽ ഇറക്കുന്നതാണ്.<br><br>ഗാർഡൻ ടില്ലർ, വീഡ് കട്ടർ തുടങ്ങിയ യന്ത്രങ്ങളാണ് പെട്രോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നത്. മറ്റു ഭൂരിഭാഗം യന്ത്രങ്ങളിലും മണ്ണെണ്ണയോ, ഡീസലോ ആണ് ഉപയോഗിക്കുന്നത്. ലഘുയന്ത്രങ്ങൾ മാത്രമാണ് പെട്രോളിൽ പ്രവർത്തിക്കുന്നത് എന്നതിനാൽ പെട്രോളിന് സബ്സിഡി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ